ചീക്കോട് ശുദ്ധജല വിതരണ പദ്ധതി

150 (1878) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) ടെണ്ടർ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് ഓരോ പാക്കേജിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) 6-12-2010-ലെ എംപവേർഡ് കമ്മറ്റി തീരുമാനം കോൺട്രാക്ടർമാർ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ തുടർ നടപടിക്രമങ്ങൾ വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതിയുടെ കിണറും പമ്പുഹൗസും റോവാട്ടർ പമ്പിംഗ് മെയിനും 21 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതലസംഭരണിയുടെയും പണി പൂർത്തിയായി പദ്ധതിയുടെ 41 എംഎൽഡി കപ്പാസിറ്റിയുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായ ഫറൂക്ക് പഞ്ചായത്തിലെ 22.89 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണം പൂർത്തിയായി. മറ്റുഘടകങ്ങളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(ബി) ആദ്യഘട്ടത്തിൽ രണ്ടുപാക്കേജുകളായി തിരിച്ചിരുന്ന പദ്ധതിയുടെ ഒന്നാം പാക്കേജും രണ്ടാം പാക്കേജും 22-9-2008-ൽ ദർഘാസ് ചെയ്തിരുന്നു എങ്കിലും ഒന്നാം പാക്കേജിനുമാത്രമേ ഒരു ദർഘാസ് ലഭിച്ചിരുന്നുള്ളു. കാട്ടുചെയ്ത തുക വളരെ കൂടുതലായതിനാൽ 31-7-2009-ലെ അതോറിറ്റി കത്തുപ്രകാരം ടി ദർഘാസ് റദ്ദാക്കി.

4-8-2009-ലെ അതോറിറ്റി കത്തുപ്രകാരം ഒന്നാം പാക്കേജിനെ വീണ്ടും അഞ്ച് പാക്കേജുകളായും രണ്ടാം പാക്കേജിനെ രണ്ട് പാക്കേജുകളായും പുനഃക്രമീകരിച്ചു.

ഇതിൽ പാക്കേജ് (1 എ)യ്ക്ക് ലഭിച്ച ഒരു ടെണ്ടറിന് 2010 നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാകുകയാണെങ്കിൽ നൽകുവാനും അല്ലാത്തപക്ഷം റീ-ടെണ്ടർ ചെയ്യണമെന്നുള്ള എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടറിൽ നിന്നും സന്നദ്ധത ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിക്കാത്തതിനാൽ വർക്ക് ഓർഡർ നൽകുവാൻ കഴിഞ്ഞിട്ടില്ല.

1(ബി)-യ്ക്ക് പുനർ ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും കാട്ടുചെയ്ത തുക വളരെ കൂടുതലായതിനാൽ ദർഘാസ് റദ്ദാക്കിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1(സി), 1(ഡി) എന്നീ പാക്കേജുകൾക്ക് ലഭിച്ച ടെണ്ടറിന് എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം കോൺട്രാക്ടർമാരിൽനിന്ന് സന്നദ്ധത തേടിയിരുന്നുവെങ്കിലും വർക്ക് ഏറ്റെടുക്കുവാൻ കഴിയില്ലെന്നും ഇ.എം.ഡി. തിരികെ നൽകണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

1 ഇ-യുടെ ഈ പാക്കേജിന് ലഭിച്ച ടെണ്ടറിന് കോൺട്രാക്ടറിൽ നിന്ന് സന്നദ്ധത ലഭിക്കാത്തതിനാൽ വർക്ക് ഓർഡർ നൽകുവാൻ കഴിഞ്ഞിട്ടില്ല.

പാക്കേജ് 2 എ-യ്ക്ക് ലഭിച്ച ദർഘാസിൽ ക്വാട്ടുചെയ്ത തുക വളരെ കൂടുതലായതിനാൽ കോൺട്രാക്ടറോട് സന്നദ്ധത തേടിയിരിക്കുകയാണ്.

പാക്കേജ് 2 ബി വീണ്ടും രണ്ട് പാക്കേജുകളായി വിഭജിച്ച് ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം കോൺട്രാക്ടർമാർ സന്നദ്ധത അറിയിക്കുവാൻ തയ്യാറാകാത്തതിനാൽ വർക്ക് ഓർഡർ നൽകുവാൻ കഴിഞ്ഞിട്ടില്ല. എംപവേർഡ് കമ്മിറ്റി തീരുമാനമനുസരിച്ച് ടെണ്ടർ റദ്ദു ചെയ്യേണ്ടതും റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യങ്ങളിലെല്ലാം തീരുമാനമായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞാൽമാത്രമേ പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാവുമെന്ന് വെളിപ്പെടുത്താൻ കഴിയുകയുള്ളു.

മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

151 (1879) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട 36 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 13 എണ്ണം ചെറുകിട ജലസേചന വിഭാഗത്തിലും 23 എണ്ണം വൻകിട ജലസേചന വിഭാഗത്തിലും ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly